നം. സി.ഇ.ഇ/1805/2009/റ്റി.എ.2

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

## വിജ്ഞാപനം

## എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റ് - 2009

സർക്കാർ ലോ കോളേജുകളിലെ എൽ.എൽ.എം. കോഴ്സ് 2009ലേയ്ക്കുള്ള കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റ്, **2010 ജനുവരി 25-ാം തീയതി തിങ്കളാഴ്ച, തിരുവനന്തപുരം, ശാന്തിനഗർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സിലെ ഒന്നാംനില യിലുള്ള ബോർഡ് റൂമിൽ** വച്ച് ജനറൽ റാങ്ക് അടിസ്ഥാനത്തിൽ താഴെ കൊടുത്തിട്ടുള്ള സമയക്രമമനുസരിച്ച് നടത്തുന്നതാണ്.

| **അലോട്ടുമെന്റ് ഷെഡ്യൂൾ** | | |
|---|---|---|
| **തീയതി** | **റിപ്പോർട്ട് ചെയ്യാനുള്ള സമയം** | **റാങ്ക്** |
| **25.01.2010 (തിങ്കളാഴ്ച)** | 10.00 AM | 1 - 60 |
| | 11.00 AM | 61 നു മുകളിൽ |

കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റിൽ പങ്കെടുക്കുന്നവർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്, പ്രോസ്പെക്ടസ്സിൽ വ്യവസ്ഥ ചെയ്ത പ്രകാരം വിദ്യാഭ്യാസ യോഗ്യത, ജനനതീയതി മുതലായവ തെളിയിക്കുന്ന അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ് [പ്രോസ്പെക്ടസ് ക്ലോസ് 16(9), ശ്രദ്ധിക്കുക]. അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് **വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല.** വിദ്യാർത്ഥികൾ അവരവരുടെ ജനറൽ റാങ്ക് അനുസരിച്ച് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സമയത്തിന് അര മണിക്കൂർ മുമ്പ് അലോട്ടുമെന്റിന് നേരിട്ടോ പ്രോസ്പെക്ടസ്സിലെ അനുബന്ധം I പ്രകാരമുള്ള അധികാരപത്രവുമായി പ്രതിനിധി വഴിയോ ഹാജരാകേണ്ടതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ബാധകമായ എല്ലാ ഫീസും അഡ്മിഷൻ സമയത്ത് കോളേജുകളിൽ അടയ്ക്കേണ്ടതാണ്.

പിന്നീട് ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകുവാനുള്ള സൗകര്യം അലോട്ട്മെന്റ് കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്. **കേന്ദ്രീകൃത അലോട്ടുമെന്റിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് പരിഗണി ക്കുന്നതല്ല.**

<u>പ്രവേശന തീയതി:-</u> അലോട്ടുമെന്റ് ലഭിച്ചവർ **2010 ജനുവരി 27-ാം** തീയതി അതാതു കോളേജുകളിൽ അഡ്മിഷനു വേണ്ടി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം

11.01.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**